**ഭരണഭാഷ -മാതൃഭാഷ**

**നമ്പര്.TCPKZD/787/-സി1**

**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം**
**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**An ISO 9001 2015 Certified Office**
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ (പി.ഒ),
കോഴിക്കോട്, തീയതി.**19-01-2023**
ഫോൺ: **0495-2369300**
ഇമെയിൽ :**tpkzd.lsgdplng@kerala.gov.in**

**നഗരാസൂത്രകൻ,**
കോഴിക്കോട്.

**സെക്രട്ടറി**
ഒളവണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- ഒളവണ്ണ ഗ്രാമപഞ്ചായത്ത് -ഇൻഡസ്ട്രിയൽ പ്രമോഷൻ മേഖലയിൽ വാസഗൃഹ നിർമ്മാണം -ശ്രീ.അനി പി ,ശ്രീമതി.ഷിജി പി എന്നവരുടെ അപേക്ഷയിൽ കൺകറൻസ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ **26/9/2022** ലെ **400997/BPRL01/GPO/2022/4152(1)** നമ്പർ കത്ത്

ഒളവണ്ണ ഗ്രാമപഞ്ചായത്ത്-ഒളവണ്ണ വില്ലേജിൽ വാർഡ്-, **12**റീസർവേ നമ്പർ **141/8** -ൽ **175.94**ച .മീ സ്ഥലത്ത് **60.96** ച.മീ ബിൽറ്റ്അപ്പ് ഏരിയയിൽ ഒരു വാസഗൃഹ നിർമാണത്തിന് ശ്രീ.അനി പി ,ശ്രീമതി.ഷിജി പി എന്നവർ സമർപ്പിച്ച അപേക്ഷ കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർ പ്ലാൻ സോണിങ് റെഗുലെഷൻസ് ചട്ടം **25.1(13)** പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് അനുമതി നൽകി ഇതിനാൽ അറിയിക്കുന്നു.

**നിബന്ധനകൾ**

1. നിർമ്മാണം **KPBR 2019** ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. ചട്ടം **9(2)** പ്രകാരം സ്ഥലത്തിന്റെ അതിരുകളും, അളവുകളും, വിസ്തീർണ്ണവും, ഉടമസ്ഥാവകാശവും, ഭൂമിയുടെ തരവും, സർവ്വേ / റീ സർവ്വേ നമ്പറുകളും, നിർമ്മാണാവകാശവും കെട്ടിട നിർമ്മാണ ചട്ട പ്രകാരവും നിലവിലുള്ള മറ്റ് ആക്ടുകളും നിയമങ്ങളും പ്രകാരവും സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതാണ്.
3. ചട്ടം **5(4)** പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും ആവശ്യമായ **NOC** വാങ്ങേണ്ടതാണ്.

**നോട്ട്:-** *ഇത് കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർപ്ലാൻ മേഖല നിയന്ത്രണചട്ടം*

I/83339/2023

*പ്രകാരം* ഇൻഡസ്ട്രിയൽ പ്രമോഷൻ മേഖലയിൽ *വാസഗൃഹം നിർമ്മിക്കാനുള്ള കൺകറൻസ് മാത്രമാണ്. സമർപ്പിച്ച പ്ലാനുകൾ പരിശോധിച്ചശേഷം ചട്ടപ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി **സെക്രട്ടറിക്ക്** നൽകാവുന്നതാണ് .*

താങ്കളുടെ എഴുത്തിനോടൊപ്പം ലഭിച്ച പ്ലാനിന്റെ ഒരുകോപ്പി ഇതോടൊന്നിച്ച് തിരിച്ചയക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Girish Kumar T K
Date: 19-01-2023 16:24:41

**നഗരാസൂത്രകൻ, കോഴിക്കോട്.**

പകർപ്പ് :-അപേക്ഷകന്
ഉള്ളടക്കം:-മേൽ പറഞ്ഞവ